Kerala, India

Prot. No : 679/2014/S/AXB

15-2-2014

സ്നേഹമുള്ള ബഹുമാനപ്പെട്ട അച്ചൻമാരേ, സിസ്റ്റേഴ്സ്, ബ്രദേഴ്സ്,

പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപ്പാപ്പ എന്നെ സീറോ മലബാർ രൂപതകൾക്ക് പുറത്ത് ഇന്ത്യയിൽ പ്രവാസികളായി ജീവിക്കുന്ന നമ്മുടെ സീറോ മലബാർ സഹോദരരുടെ അപ്പസ്തോലിക് വിസിറ്ററായി നിയമിച്ചിരിക്കുന്ന വിവരം നിങ്ങൾ ഇതിനകം അറിഞ്ഞുകാണുമല്ലോ. പാലായിൽ നടന്ന മെത്രാന്മാരുടെ അഖിലേന്ത്യാ സമ്മേളനാവസരത്തിൽ മാർപ്പാപ്പയുടെ പ്രതിനിധിയായ അപ്പസ്തേലിക് ന്യൂൺഷ്യോയെ നേരിൽ സന്ദർശിച്ച് എന്റെ നിയമനത്തിന്റെ വിശദവിവരങ്ങൾ ചോദിച്ച് ഞാൻ മനസ്സിലാക്കി. തദവസരത്തിൽത്തന്നെ സീറോമലബാർ സഭയിലെ എല്ലാ മെത്രാന്മാരും ഈ കാര്യത്തെകുറിച്ച് ചർച്ചചെയ്യാൻ മേജർ ആർച്ച്ബിഷപ്പിന്റെ അദ്ധ്യക്ഷതയിൽ ഒന്നിച്ചു കൂടുകയുണ്ടായി. ഈ നിയമനത്തിന്റെ നാനാവശങ്ങൾ പരിഗണിച്ചതിന്റെ വെളിച്ചത്തിൽ എന്നെ ഭരമേൽപിച്ചിരിക്കുന്ന ഉത്തരവാദിത്വം സങ്കീർണ്ണവും ഗൗരവതരവുമാണെന്ന് തിരിച്ചറിയുന്നു.

ബാംഗ്ലൂർ, ചെന്നൈ, ഹൈദരാബാദ്, നാഗപ്പൂർ, ഭോപ്പാൽ, കൽക്കട്ട, അഹമ്മദാബാദ്, ബറോഡ, സൂററ്റ് തുടങ്ങിയ പ്രധാന നഗരങ്ങളിൽ ജോലി തേടിപ്പോയിട്ടുള്ളവരും അവിടെ ജോലി സംബന്ധമായി സ്ഥിരതാമസമാക്കിയിട്ടുള്ളവരുമായി ഏകദേശം മൂന്നു ലക്ഷത്തിൽ കൂടുതൽ ജനങ്ങൾ ഉണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. നമ്മുടെ ശ്രദ്ധയിൽപെടാത്ത ധാരാളം പേർ ഇതിനുപുറമെയും ഉണ്ടാകാം. നമ്മുടെ സഹോദരരെ അന്വേഷിച്ച് കണ്ടെത്തി അവരായിരിക്കുന്ന സ്ഥലങ്ങളിലെ മെത്രാന്മാരുടെ സഹകരണത്തോടുകൂടെ നമ്മുടെ സഭയുടെ വിശ്വാസ പാരമ്പര്യങ്ങൾക്കും ആരാധനാ പൈതൃകങ്ങൾക്കും അനുയോജ്യമായ സംവിധാനങ്ങൾ ക്രമപ്പെടുത്തുകയാണ് എന്റെ പ്രഥമ ഉത്തരവാദിത്വം. നമ്മുടെ ജനത്തിന് വിശ്വാസത്തിന്റെ വേരുകൾ നഷ്ടപ്പെടാതിരിക്കാൻ അവരെ അജപാലനപരമായി സഹായിക്കുകയും അവരായിരിക്കുന്ന സ്ഥലങ്ങളിൽ വിശ്വാസ സാക്ഷ്യത്തിനും കൈമാറ്റത്തിനും അവരെ പ്രാപ്തരാക്കുകയും വേണം.

എനിക്ക് ഒറ്റയ്ക്ക് ചെയ്ത് തീർക്കാൻ കഴിയുന്ന ഉത്തരവാദിത്വമല്ല ഇതെന്നു നിങ്ങൾക്കെല്ലാവർക്കും അറിയാമെന്ന് എനിക്ക് ബോദ്ധ്യമുണ്ട്. നിങ്ങളുടെ പ്രാർത്ഥനയും പ്രോത്സാഹനവും സഹകരണവും കൂടാതെ ഈ ഉത്തരവാദിത്വം നിർവ്വഹിക്കാൻ എനിക്ക് കഴിയില്ല. പലസ്ഥലത്തും നമുക്ക് സ്വന്തമായി പള്ളികൾ വേണം. പള്ളികൾക്ക് അജപാലന നേതൃത്വം നൽകാൻ വൈദികരും, സമർപ്പിതരും ഉണ്ടാകണം. ഇതിനൊക്കെ ആവശ്യമായ ആളും അർത്ഥവും വേണം. നിങ്ങളുടെ നിർലോഭമായ സഹകരണം നല്കണമെന്ന് ഞാൻ താഴ്മയായി അഭ്യർത്ഥിക്കുന്നു.

ഫ്രെബ്രുവരി 26 ബുധനാഴ്ച ഉച്ചതിരിഞ്ഞ് 4 മണിക്ക് നമ്മുടെ സഭയുടെ ആസ്ഥാനമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ മേജർ ആർച്ച് ബിഷപ്പ് കർദിനാൾ ജോർജ്ജ് ആലഞ്ചേരി പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടത്തപ്പെടുന്ന തിരുക്കർമ്മത്തിൽവച്ച് എന്റെ പുതിയ ശുശ്രൂഷയുടെ ഔദ്യോഗിക ആരംഭം കുറിക്കൽ നടത്തുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഇതോടനുബന്ധിച്ച് അർപ്പിക്കുന്ന പ. കുർബാനയുടെ മദ്ധ്യേയായിരിക്കും ഞാൻ ഔദ്യോഗികമായി ഈ സ്ഥാനം ഏറ്റെടുക്കുക. നിങ്ങളുടെ പ്രാർത്ഥനകൾ എനിക്കും ഞാൻ ഏറ്റെടുക്കുന്ന ശുശ്രൂഷയ്ക്കും പ്രോത്സാഹനവും ശക്തിയും പകരും.

തൃശ്ശൂരിൽ നിന്ന് ഇപ്പോൾ ഞാൻ താമസം മാറ്റുന്നില്ല. എന്നാൽ ഈ ശുശ്രൂഷയുമായി ബന്ധപ്പെട്ട് ധാരാളം യാത്രകൾ എനിക്ക് വേണ്ടിവരുന്നതുകൊണ്ട് മുമ്പത്തേതുപോലെ തൃശ്ശൂർ അതിരൂപതയുടെ എല്ലാ ശുശ്രൂഷകളിലും എനിക്ക് സന്നിഹിതനാകാൻ കഴിഞ്ഞെന്നു വരില്ല. ഇവിടെയുള്ള എല്ലാ സമയത്തും നിങ്ങൾക്കുവേണ്ടി ഏതു ശുശ്രുഷയ്ക്കും ഞാൻ സന്നദ്ധനും സംലബ്ദ്ധനും ആയിരിക്കും. നിങ്ങൾ എന്നോട് കാണിച്ചിട്ടുള്ള സ്നേഹത്തിനും നൽകിയിട്ടുള്ള പ്രോത്സാഹനത്തിനും ഞാൻ എന്നും കടപ്പെട്ടവനാണ്. നിങ്ങളുടെ പ്രാർത്ഥനകളിൽ എന്നെ ഭരമേൽപ്പിക്കുന്നു. പള്ളിയിലെ പ്രസംഗങ്ങളിലും കുടുംബ കൂട്ടായ്മകളിലും എന്റെ പുതിയ ശുശ്രൂഷയെകുറിച്ച് ജനങ്ങളെ അറിയിക്കണമെന്നും അവരുടെ പ്രാർത്ഥനയും സഹകരണവും എനിക്ക് വേണ്ടി അഭ്യർത്ഥിക്കണമെന്നും ഞാൻ അപേക്ഷിക്കുന്നു. നിങ്ങൾക്ക് സർവ്വ ദൈവാനുഗ്രഹവും ശുശ്രൂഷകളിൽ വിജയവും സ്നേഹപൂർവ്വം ആശംസിക്കുന്നു.

ഈശോയിൽ നിങ്ങളുടെ പ്രിയ സഹോദരൻ
മാർ റാഫേൽ തട്ടിൽ

**PH: 0487 – 2333325, 2338203, 2333542**
**Archbishop (P) : 0487 - 2332282, Archbishop Emeritus (P) 0487 - 2444444, Fax:2338204**
**E-mail : curiatcr@yahoo.com Web : trichurarchdiocese.org , www.sauhrudam.com**

**PH: 0487 – 2333325, 2338203, 2333542**
**Archbishop (P) : 0487 - 2332282, Archbishop Emeritus (P) 0487 - 2444444, Fax:2338204**
**E-mail : curiatcr@yahoo.com Web : trichurarchdiocese.org , www.sauhrudam.com**